# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ജൂലൈ 27

# വാർത്താക്കുറിപ്പ്

---

## പരീക്ഷാ കേന്ദ്രം മാറാൻ അവസരം

യഥാക്രമം ജൂലൈ 30, ആഗസ്റ്റ് 4 തിയതികളിൽ നടത്തുന്ന പഞ്ചവത്സര എൽ.എൽ.ബി. (അഫിലിയേറ്റഡ് കോളജുകൾ) എട്ട്, ആറ് സെമസ്റ്റർ പരീക്ഷാ കേന്ദ്രങ്ങളായി സർവ്വകലാശാല പരിധിയിലുള്ള ലോ കോളജുകളും സർവ്വകലാശാലയുടെ പ്രവർത്തന പരിധിക്ക് പുറത്തുള്ള കേന്ദ്രങ്ങളും ലഭിച്ചിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റം അനുവദിക്കും. താത്പര്യമുള്ളവർ ഇതിനായി സർവ്വകലാശല വെബ് സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗ്ൾ ഫോറത്തിൽ ഇന്ന് (ജൂലൈ - 28) വൈകിട്ട് 5ന് മുൻപ് അപേക്ഷ നൽകണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/684/2021)

## പ്രാക്ടിക്കൽ

ഒൻപതാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ - റഗുലർ/2015, 2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 29 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ. വിശദവിവരങ്ങൾ അതത് കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/685/2021)

## പരീക്ഷഫലം

2020 ഡിസംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ റീഹാബിലിറ്റേഷൻ സൈക്കോളജി (2018-2019 - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/686/2021)

2019 നവംബറിൽ നടന്ന ബി.സി.എ (ഓഫ് കാമ്പസ്) സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/687/2021)

## എക്സ്റ്റേണൽ പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് നടത്തുന്ന എം.എഡ്, എം.ഫിൽ പ്രോഗ്രാമുകളുടെ വിവിധ സെമസ്റ്ററുകളിലെ എക്സ്റ്റേണൽ പരീക്ഷകളുടെ ടൈം ടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഇതിനകം അപേക്ഷ നൽകിയിട്ടുള്ളവരെയാണ് പരീക്ഷ എഴുതാൻ അനുവദിക്കുക.

(പി.ആർ.ഒ/39/688/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ് ഓഫീസർ